## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാചോദ്യം നം. *267**

**07/02/2018 ൽ മറുപടിക്ക്**

### പരമ്പരാഗത കശുവണ്ടി വ്യവസായമേഖലയുടെ ഉന്നമനം

**ചോദ്യം**

ശ്രീമതി.പി.അയിഷാ പോറ്റി
ശ്രീ.ആർ.രാജേഷ്
ശ്രീ.എം.മുകേഷ്
ശ്രീ.വി.ജോയി

**ഉത്തരം**

ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പരമ്പരാഗത കശുവണ്ടി വ്യവസായ മേഖലയുടെ ഉന്നമനത്തിനായി കാഷ്യൂ ബോർഡ് എന്തെല്ലാം പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ ; | (എ) | സംസ്ഥാനത്ത് പരമ്പരാഗത കശുവണ്ടി വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധിക്ക് മുഖ്യമായ കാരണം തോട്ടണ്ടി ക്ഷാമമാണ്. തോട്ടണ്ടി ക്ഷാമം പരിഹരിച്ച് കൊണ്ട് മിതമായ വിലയ്ക്ക് കശുവണ്ടി വ്യവസായ മേഖലയ്ക്ക് ആവശ്യമായ തോട്ടണ്ടി ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ സർക്കാർ രൂപീകരിച്ച കേരള കാഷ്യൂ ബോർഡ് 2017 ഒക്ടോബർ മാസം രജിസ്റ്റർ ചെയ്ത് പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. തോട്ടണ്ടി ഉല്പാദകരാജ്യങ്ങളായ ടാൻസാനിയ, ഐവറി കോസ്റ്റ്, മൊസാംബിക് എന്നീ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും തോട്ടണ്ടി നേരിട്ട് വാങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ കേരള കാഷ്യൂ ബോർഡ് സ്വീകരിച്ചു വരുന്നു. |
| (ബി) | സംസ്ഥാനത്ത് പൊതു,സ്വകാര്യ മേഖലകളിൽ പ്രവർത്തിക്കുന്ന കശുവണ്ടി ഫാക്ടറികൾക്ക് ആവശ്യമായ തോട്ടണ്ടി ലഭ്യമാക്കാൻ കാഷ്യൂ ബോർഡ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (ബി) | 2017 ഒക്ടോബർ മാസം കേരള കാഷ്യൂ ബോർഡ് ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള നടപടികളുടെ പ്രാരംഭഘട്ടത്തിലാണ്. കാഷ്യൂ ബോർഡ് ഉദ്യോഗസ്ഥർ താൻസാനിയ,മൊസാംബിക്, കോർട്ട് ഡി ഐവറി എന്നീ ആഫ്രിക്കൻ രാജ്യങ്ങളിലെ ഇന്ത്യൻ അംബാസിഡർ |

| | | |
|---|---|---|
| | | മാരുമായി നടത്തിയ ചർച്ചയുടെ വെളിച്ചത്തിൽ തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിനു പുറമെ അതാത് രാജ്യങ്ങളിലെ അംബാസിഡർമാരുടെ സഹായ സഹകരണത്തോടെ ഈ മൂന്ന് രാജ്യ ങ്ങളിലുമുള്ള സഹകരണ മേഖല, ചേംബർ ഓഫ് കോമേഴ്സ് തുടങ്ങി മറ്റ് ഏജൻസികളുമായും ചർച്ച നടത്തി ക്കഴിഞ്ഞു.<br>താൻസാനിയായിലുള്ള കാഷ്യൂനട്ട് ബോർഡ് ഓഫ് താൻസാനിയ കശുവണ്ടി ലേലം ചെയ്യുന്ന അതോറിറ്റി യാണ്. പ്രസ്തുത അതോറിറ്റിയിൽ കേരള കാഷ്യൂബോർഡ് രജിസ്റ്റർ ചെയ്ത് ലേലത്തിൽ പങ്കെടുക്കുവാനുള്ള നടപടി കളിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. മൊസാംബികിൽ പ്രവർത്തിക്കുന്ന ഇൻകാജു എന്ന അതോറിറ്റി കശുവണ്ടി വിപണനത്തിൽ നിയന്ത്രണമുള്ള സ്ഥാപനമാണ്. കോർട്ട് ഡി ഐവറിയിലെ കോട്ടൺ ആന്റ് കാഷ്യൂ കൗൺസിൽ കശുവണ്ടി കയറ്റുമതി ലൈസൻസും ഫാം ഗേറ്റ് പ്രൈസും നിശ്ചയിക്കുന്ന ഒരു സ്വതന്ത്ര സ്ഥാപനമാണ്. കേരള കാഷ്യൂ ബോർഡിന് ഓഹരി മൂലധനം ലഭിക്കുന്ന മുറയ്ക്ക് ലേലം വഴിയോ ടെണ്ടർ മുഖേനയോ കശുവണ്ടി വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത മേഖലയിൽ ഇടനിലക്കാരെയും അനധികൃത കച്ചവടക്കാരെയും നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (സി) ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് കേരള കാഷ്യൂ ബോർഡ് താൻസാനിയായിൽ ലേലത്തിൽ പങ്കെടുത്ത് തോട്ടണ്ടി വാങ്ങാനും മറ്റു രാജ്യങ്ങളിൽ നിന്നും ടെണ്ടർ മുഖേന കശുവണ്ടി വാങ്ങാനും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**